ചേർപ്പ് നിയോജകമണ്ഡലത്തിൽ പുതിയ പാലങ്ങൾ നിർമ്മിക്കാൻ നടപടി

80(4361) ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചേർപ്പ് നിയോജകമണ്ഡലത്തിൽ ചെമ്മാപ്പിള്ളി, അഴിമാവ് കടവ് എന്നിവിടങ്ങളിൽ പുതിയ പാലം നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ :

(ബി) ഈ പാലങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രാരംഭ ജോലികൾ ആരംഭിച്ചിട്ടുണ്ടോ ;

(സി) കാലപ്പഴക്കംകൊണ്ട് അപകടത്തിലാണെന്ന് പൊതുമരാമത്ത് വകുപ്പ് പരിശോധനാവിഭാഗം കണ്ടെത്തിയിട്ടുള്ള പഴുവിൽപാലം പുതുക്കി പണിയുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ :

(ഡി) മുറ്റിമ്പൂരിൽ പുതിയ പാലം നിർമ്മിക്കുന്നതിന് നടപടി ആയിട്ടുണ്ടോ എന്ന് വിശദമാക്കുമോ ; ഈ പാലത്തിന്റെ നിർമ്മാണത്തിന് നബാർഡിൽ നിന്ന് വായ്പ ലഭിക്കുമോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചെമ്മാമ്പള്ളി പാലത്തിന്റെ റഫ്കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. അഴിമാവ് കടവ് പാലം പണിക്ക് 340 ലക്ഷം രൂപയുടെ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) മറ്റിമ്പൂർ എന്ന പേരിൽ സ്ഥലമില്ല. മുറ്റിച്ചൂർ കടവിൽ പാലം പണിക്കാവശ്യമായ റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. നബാർഡിൽ നിന്നും വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

നാദാപുരം നിയോജക മണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം

81 (4362) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാദാപുരം നിയോജക മണ്ഡലത്തിൽ പൊതുമരാമത്ത് വകുപ്പിന്റെ പരിഗണനയിലുള്ള തൊട്ടിൽപാലം കായലോട്ടുതാഴപാലം, കുരുടൻ കടവുപാലം, തുരുത്തിമുക്കുപാലം, കാരിമുണ്ടപാലം തുടങ്ങിയവയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഓരോന്നിന്റെയും നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇത് സംബന്ധിച്ചുള്ള ഫയലുകൾ എവിടെയെല്ലാം ഏതെല്ലാം നമ്പരുകളിൽ നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഉടുമ്പൻചോല മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം

82 (4363) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉടുമ്പൻചോല മണ്ഡലത്തിൽ അപകടാവസ്ഥയിലുള്ളതും വീതി കുറഞ്ഞതുമായ ഏതെല്ലാം പാലങ്ങൾ പുതുക്കിപ്പണിയുന്നതിന് പി. ഡബ്ല്യു.ഡി. വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട് ;

(ബി) ഏതെല്ലാം പാലങ്ങളുടെ നിർമ്മാണത്തിനാണ് നബാർഡ് ധനസഹായം ഉള്ളത് ;

(സി) പ്രസ്തുത പാലങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏതെല്ലാം ഘട്ടങ്ങളിലാണ് ;

(ഡി) നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 1. ചെമ്മണ്ണാൻ പാലം, 2. കനകപ്പുഴ പാലം എന്നിവ പുതുക്കിപ്പണിയുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) കനകപ്പുഴ പാലം നബാർഡ് സഹായത്തോടെയാണ് നിർമ്മിക്കുന്നത്.

(സി & ഡി) കനകപ്പുഴ പാലത്തിന്റെ അടിത്തറയുടെ നിർമ്മാണ ജോലികൾ ആരംഭിച്ചിട്ടുണ്ട്. 31-3-2004 -നകം പാലം പണി പൂർത്തിയാക്കാൻ കഴിയുമെന്ന് കരുതുന്നു.

കലുങ്ക് നിർമ്മിക്കാൻ നടപടി

83 (4364) ശ്രീ. യു. സി. രാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്തീർപ്പാടം-പയമ്പ്ര റോഡിൽ പണ്ടാരപ്പറമ്പിൽ കലുങ്ക് വേണമെന്ന ആവശ്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇത് നിർമ്മിക്കുവാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ ;

(സി) പണി എന്നേക്ക് പൂർത്തീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) കലുങ്ക് നിർമ്മാണപ്രവൃത്തി നോൺ പ്ലാൻ ഇനത്തിൽ ഉൾപ്പെടുത്തി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടെണ്ടർ ചെയ്ത് കരാർ ഉറപ്പിച്ചുകഴിഞ്ഞാൽ മാത്രമേ പണി എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാൻ സാധിക്കുകയുള്ളൂ.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം II

29-7-2003-ലെ നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 103 (4362) മറുവായി കാണുക

നമ്പർ	പാലത്തിന്റെ പേർ	പാലം നിർമ്മാണത്തിന്റെ ഇപ്പോഴത്തെ അവസ്ഥ	ബന്ധപ്പെട്ട ഫയൽ നമ്പർ
1	തൊട്ടിൽ പാലം	ഇൻവെസ്റ്റിഗേഷൻ നടന്നു	ചീഫ് എഞ്ചിനീയറുടെ ഫയൽ നം. സി.3/104575/83/Z
2	കായലോട്ട് താഴെപാലം	ഇൻവെസ്റ്റിഗേഷൻ നടന്നു	ചീഫ് എഞ്ചിനീയറുടെ ഫയൽ നമ്പർ സി3/34442/98/Z
3	കുരുടൻ കടവ് പാലം	ഇൻവെസ്റ്റിഗേഷൻ നടന്നു	
4	തുരുത്തിമുക്ക് പാലം	ഇൻവെസ്റ്റിഗേഷൻ നടന്നു	
5	കരിമുണ്ട പാലം	എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്	ചീഫ് എഞ്ചിനീയറുടെ ഫയൽ നമ്പർ സി3/8654/02/Z

LIBRARY ARCHIVES Kerala Legislative Assembly